കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

പി.എൽ. നമ്പർ : 1 /2008/എം.എൽ.പി.എം. മലപ്പുറം
കാററഗറി നമ്പർ : 80/ 2006. 08/02/2008

## വിജ്ഞാപനം

11/9/2006 - തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനമനുസരിച്ച് മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിൽ ആയ തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 80/2006 തെരഞ്ഞെടുപ്പിനായി 31/5/07 തീയ്യതിയിൽ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു.

ഈ റജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുതപരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരണത്തിന് മുന്നോടിയായി സാദ്ധ്യതാ പട്ടികയിൽ റജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ ജനനതീയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷയിൽ 80-ഉം (എമ്പത്) അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് സാധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു

റജിസ്റ്റർ നമ്പറുകൾക്ക് മുമ്പായി ' എം ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | |
|---|---|---|---|
| 100009 | 100029 | 100040 | 100085 |
| 100106 | 100138 | 100177 | 100219 |
| 100254 | 100292 | 100305 | 100313 |

## ഉപപട്ടികകൾ

### 1. ഈഴവ

| | | |
|---|---|---|
| 100002 | 100074 | 100112 |
| 100248 | 100318 | 100352 |

### 2. പട്ടികജാതി

| | | | |
|---|---|---|---|
| 100017 | 100151 | 100235 | 100288 |

### 3. പട്ടികവർഗ്ഗം

ഇല്ല

### 4. മുസ്ലീം

| | | | |
|---|---|---|---|
| 100036 | 100158 | 100197 | 100242 |
| 100311 | | | |

### 5.ലാറ്റിൻ കാത്തലിക്ക്

100104

### 6. ഒ.ബി.സി

| | | | |
|---|---|---|---|
| 100025 | 100033 | 100170 | 100290 |

### 7. വിശ്വകർമ്മ

100240 100262

### 8. എസ്.ഐ.യു.സി നാടാർ /എ .ഐ

ഇല്ല

### 9. ഒ. എക്സ്

ഇല്ല

### 10. ധീവര

ഇല്ല

**കുറിപ്പ് :**

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനക്കും നിരുപാധിക സ്വീകാര്യതക്കും വിധേയമായി തീർത്തും സോപാധികമായാണ് റജിസ്ററർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊളളിച്ചിട്ടുളളത്. സാധ്യതാപട്ടികയിൽ റജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിന് ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) ജനനതീയ്യതി, ജാതി, വിദ്യാഭ്യാസയോഗ്യത മുതലായവ തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി പരിശോധനയ്ക്ക് നിശ്ചിതസമയത്ത് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെയും അപേക്ഷയിൽ മറ്റ് ഏതെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥി കളുടെയും റജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെതന്നെ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

4) സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട ഉദ്യോഗാർത്ഥി കൾ തഹസിൽദാരിൽ നിന്ന് ലഭിച്ച ജാതിസർട്ടിഫിക്കറ്റും (2 ശരിപകർപ്പുകളും) മറ്റു പിന്നോക്ക സമുദായാംഗങ്ങൾ 25/8/2007 -ലെ ജി.ഒ. (പി) നമ്പർ 46/2007/എസ്. സി /എസ്.ടി ഡി. ഡി പ്രകാരമുള്ള നോൺക്രീമീലെയർ സർട്ടിഫിക്കറ്റും ഹാജരാ ക്കേണ്ട താണ്. ഇപ്രകാരം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ സാമുദായികസംവരണത്തിന് അർഹമല്ലാത്ത " ഓപ്പൺ കോമ്പറ്റീഷൻ " ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്.ഉപപട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികളുടെ റജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെ ഈ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

5) ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന 28/2/08- ന് രാവിലെ 10 മണിക്ക് കെ.പി.എസ്.സി.യുടെ മലപ്പുറം ജില്ലാ ആഫീസിൽ വെച്ച് നടത്തുന്നതാണ്.

6) 1.1.07-ന് ശേഷം പ്രസിദ്ധീകരിക്കുന്ന സാധ്യതാ പട്ടികയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് പുന:പരിശോധന അനുവദിക്കുന്നതല്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പുന:പരിശോധനയ്ക്ക് അപേക്ഷിക്കാം. പുന:പരിശോധ നക്കുള്ള ഫീസ് അമ്പത് രൂപ(50/-)യാണ്. റാങ്ക് ലിസ്റ്റുകൾ പുന:പരിശോധനക്ക് വിധേയമാക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിൽ 50/- രൂപ ചെലാൻ സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

ജില്ലാ ഓഫീസർ,
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം.

vl/M7/My Documents/M.SS/Ayah

**ആയ (വിവിധം) മലപ്പുറം ജില്ല**

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

1) ജനനതീയ്യതി / വയസ്സ് : എസ്.എസ്.എൽ.സി / സ്കൂൾ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും).

2) വിദ്യാഭ്യാസയോഗ്യത : 1. ഏഴാം സ്റ്റാൻഡേർഡ് (പുതിയത്)പാസ്സായ സർട്ടിഫിക്കറ്റ്/തത്തുല്യ യോഗ്യതാസർട്ടിഫിക്കറ്റ്

2. ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽനിന്നോ അല്ലെങ്കിൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860–ലെ സെൻട്രൽ ആക്ട് 21) അഥവാ 1955-ലെ ട്രാവൻകൂർ–കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിട്ടബിൾ സൊസൈറ്റീസ് ആക്ട് (1955-ലെ XII) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽനിന്നോ കുട്ടികളുടെ `ആയ' ആയുള്ള ഒരു വർഷത്തിൽ കുറയാത്ത പരിചയം തെളിയിക്കുന്ന നിശ്ചിതമാതൃകയിലുള്ള പരിചയ സർട്ടിഫിക്കറ്റ്

3) ജാതി/ സമുദായം (സംവരണാനുകൂല്യത്തിന്) : ജാതി സർട്ടിഫിക്കറ്റ് /നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

4) മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനാവശ്യമായ പ്രമാണം (അസ്സലും പകർപ്പും)

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ജി. രവീന്ദ്രനാഥൻ
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി.ജില്ലാഓഫീസ്,
മലപ്പുറം.